## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം-പനച്ചിക്കാട് ഗ്രാമ പഞ്ചായത്ത് പ്രത്യേക താമസ കെട്ടിട നിർമ്മാണം-ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: പനച്ചിക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 21.02.2019 ലെ A1/5017/18 നമ്പർ കത്ത്.

==========================================================================

**ഉത്തരവ് നമ്പർ C/341/2019/D.Dis, തീയതി : 27.03.2019.**

==========================================================================

കോട്ടയം ജില്ലയിലെ, പനച്ചിക്കാട് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പനച്ചിക്കാട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 21 ൽ റീസർവ്വെ നമ്പർ 328/7 ൽ പെട്ട 12.640 സെന്റ് വിസ്തീർണ്ണമുള്ള സ്ഥലത്ത് 1853 ച.മീറ്റർ വിസ്തീർണ്ണമുള്ള അസംബ്ലി കെട്ടിടങ്ങൾ നിലവിലുള്ളിടത്ത് 484.26 ച.മീറ്റർ വിസ്തീർണ്ണത്തിൽ 3 നിലകളിലായി നിർമ്മിച്ചിട്ടുള്ള പ്രത്യേക വാസഗൃഹ കെട്ടിടം KPBR-2011 ലെ ചട്ടങ്ങൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണം ക്രമവൽക്കരണാനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ**

1. KPBR-2011ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധി ച്ചും സ്ഥല പരിശോധന നടത്തിയും ഉറപ്പു വരുത്തണം.
2. ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
3. സെറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേതാണ്.
4. നിർദ്ദിഷ്ട വസതുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.
5. ചട്ടം 55(4) പ്രകാരം അഗ്നിസുരക്ഷാ സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.
6. ചട്ടം 55(5) പ്രകാരം അഗ്നിസുരക്ഷാ സംവിധാനം ഉറപ്പു വരുത്തണം.
7. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്ന തിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും അവ ഭാവിയിൽ മറ്റ് ആവശ്യ ങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.

8. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകി യിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

9. KPBR-2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

10. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടമായതിനാൽ KPBR-2011 അദ്ധ്യായം 22 ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

11. മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി അല്ല. KPBR-11 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ അവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ട താണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനു ശേഷം മാത്രമെ സെക്രട്ടറി ക്രമവൽക്കര ണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് ക്രമവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി യല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമെ ക്രമവൽക്കരണം ആരംഭിക്കാൻ പാടുള്ളു.

അംഗീകരിച്ച സൈറ്റ് പ്ലാൻ 19/19/KTM ഉള്ളടക്കം ചെയ്യുന്നു.

സുജ മത്തായി
ടൗൺ പ്ലാനർ

സെക്രട്ടറി
പനച്ചിക്കാട് ഗ്രാമ പഞ്ചായത്ത് (പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് : 1. ട്രസ്റ്റി
ലിറ്റിൽ ഫ്ളവർ ചർച്ച്
കടുവാക്കുളം.
2. അധികം -1

MD/29.03.19